**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **02-08-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചവടി ഇല്ലി പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കക്കയം പഞ്ചവടി ഇല്ലി പാർക്കിൽ ആഭ്യന്തര ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന നൂറിലധികം വനിതാ യൂണിറ്റുകൾ കക്കയം പഞ്ചവടി ഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അനുയോജ്യമായ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) | ഇല്ലി പാർക്കിനോട് ചേർന്നുള്ള അമ്പലക്കുന്ന് ആദിവാസി കോളനിയിലെ ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി പഞ്ചവടി ഇല്ലി പാർക്ക് ടൂറിസം വികസനം സാധ്യമാക്കുവാൻ തയ്യാറാവുമോ; | (ബി) | പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പാർക്കിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ, പട്ടികജാതി-പട്ടികവർഗ വകുപ്പ് തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ